# കർത്താവിന്റെ വരവ്

## ആദ്യത്തെ വരവ്

"അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് വിടുവിപ്പാനിരിക്കകൊണ്ട് നീ അവന് 'യേശു' എന്ന് പേരിടണം" മത്താ: 1:21. കർത്താവിന്റെ ആദ്യത്തെ വരവ് മനുഷ്യനെ വിശുദ്ധീകരിക്കാനായിരുന്നു. യേശു ക്രിസ്തു, നമ്മുടെ പാപത്തിന്റെ ശിക്ഷ ക്രൂശിൽ അനുഭവിച്ചു എന്ന് വിശ്വസിക്കുന്ന ഏതൊരു വ്യക്തിയും യേശുവിനെ സ്വന്തരക്ഷിതാവായി സ്വീകരിക്കുകയാണ്. അങ്ങനെയുള്ളവർ ബലഹീനതയെ പഴിചാരി എന്നും പാപിയായി ജീവിക്കാനല്ല ദൈവം ആഗ്രഹിക്കുന്നത്. അവർ തങ്ങളുടെ പൂർണ്ണമായ അനുസരണത്താൽ പാപത്തെ ജയിക്കണം. "പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻ തന്നേ ദൈവപുത്രൻ പ്രത്യക്ഷനായി" 1 യോഹ 3: 8,9. രണ്ടാമത്തെ വരവിനു മുൻപ് വിശുദ്ധന്മാർക്ക് ദൈവത്തിന്റെ മുദ്രയും അല്ലാത്തവർക്കു മൃഗത്തിന്റെ അടയാളവും ഇട്ട്, ഇടവും, വലവും തിരിഞ്ഞിരിക്കും. വെളി. 7:3, 13:16,17.

## രണ്ടാം വരവ്

അവന് വീശുമുറം കൈയ്യിൽ ഉണ്ട്. അവൻ കളത്തെമുറ്റം വെടിപ്പാക്കി ഗോതമ്പ് കളപ്പുരയിൽ കൂട്ടിവെക്കയും പതിർ കെടാത്ത തീയിൽ ഇട്ട് ചുട്ട് കളയുകയും ചെയ്യും. ലൂക്കോ. 3:17 മത്തായി 3:12, 13:49.

രണ്ടാം വരവിങ്കൽ, ആദ്യം ക്രിസ്തുവിൽ മരിച്ചവർ ഉയിർത്തെഴുന്നേൽക്കും. പിന്നെ ജീവനോടെ ഇരിക്കുന്ന വിശുദ്ധന്മാർ രൂപാന്തരപ്പെട്ട് കർത്താവിനോട് കൂടെ സ്വർഗ്ഗത്തിലെ പുതിയ യരുശലേമിലേക്ക് പോകും. 1 തെസ്സ. 4:16,17, 1 കൊരി. 15:52, എബ്ര. 11:10.



## ആയിരം ആണ്ട് വാഴ്ച സ്വർഗ്ഗത്തിലാണ്

തെളിവ്:-

(1) യോഹ. 14:2,3 "ഞാൻ പോയി സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്ത് നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തു കൊള്ളും.

(2) വെളി.20:6 "ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുകൊള്ളുവാൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു.................... അവർ ദൈവത്തിനും ക്രിസ്തുവിനും പുരോഹിതന്മാരായി ക്രിസ്തുവിനോടു കൂടെ ആയിരം ആണ്ട് വാഴും." ദൈവത്തിനും ക്രിസ്തുവിനും പുരോഹിതന്മാർ ആയിരിക്കണമെങ്കിൽ അത് സ്വർഗത്തിൽ തന്നെ ആണ്.

(3) ആയിരം ആണ്ട് വാഴ്ചയ്ക്ക് ശേഷം ക്രിസ്തുവും മണവാട്ടിയും സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വരുന്നതായിട്ടാണ് യോഹന്നാൻ കാണുന്നത്. വെളി.21:2.

(4) ഭൂമിയിലെ ദുഷ്ടന്മാരോടൊന്നിച്ച് വിശുദ്ധനായ ദൈവം താമസിക്കുക ഇല്ല. ദുഷ്ടൻ ദൈവത്തോടു കൂടെ വസിക്കയില്ല എന്ന് സങ്കീ. 5:4 ൽ പറയുന്നു.

രണ്ടാം വരവിങ്കൽ നടക്കുന്ന മറ്റൊരു സംഭവം ലോകാവസാനം ആണ്. മത്തായി. 24:3-ൽ ശിഷ്യന്മാർ കർത്താവിനോട് ചോദിക്കുന്നത് - "നിന്റെ വരവിനും ലോകാവസാനത്തിനും അടയാളം എന്ത്?" എന്നാണ്. 1 കൊരി. 15.24-ൽ "ഓരോരുത്തൻ താന്താന്റെ നിരയിൽ ഉയിർക്കും. പിന്നെ അവസാനം" എന്ന് വ്യക്തമായി എഴുതിയിട്ടുണ്ട്.

യോഹ.11:21-24 മാർത്ത കർത്താവിനോടു പറഞ്ഞു:-ഒടുക്കത്തെ നാളിലെ പുനരുത്ഥാനത്തിൽ ലാസർ ഉയിർക്കും എന്നു വിശുദ്ധന്മാരുടെ പുനരുത്ഥാനം ഒടുക്കത്തെ നാളിൽ ആണെന്നും കർത്താവു പറഞ്ഞു. യോഹ.6:39, 40,54.

കർത്താവിന്റെ വരവ് എല്ലാവരും കാണും. വെളി.1:7, മത്താ. 24:30, 26:64, മർക്കൊ. 14:62 രഹസ്യവരവ് തിരുവചനത്തിൽ ഇല്ല. "കള്ളൻ വരുന്നയാമം ഇന്നതെന്ന് വീട്ടുടയവൻ അറിഞ്ഞു എങ്കിൽ അവൻ ഉണർന്നിരിക്കയും തന്റെ വീട് തുരക്കുവാൻ സമ്മതിക്കാതിരിക്കയും ചെയ്യും എന്ന് അറിയുന്നുവല്ലൊ. അങ്ങനെ നിങ്ങൾ നിനയ്ക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ട്........" മത്തായി. 24:43,44. "കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും................" 2 പത്രൊ. 3:10. കർത്താവല്ല, കർത്താവിന്റെ വരവിന്റെ ദിവസമാണ് കള്ളനെ പോലെ വരുന്നത്.

ദുഷ്ടന്മാർ അന്ന് വിലപിക്കും. കർത്താവിന്റെ പ്രത്യക്ഷതയുടെ പ്രഭാവത്തിൽ അവർ കരിഞ്ഞു വീഴും. ലൂക്കൊ 23:30 മത്തായി. 24:30, 13:49 വെളി. 6:15-17, 1:7 വെളി. 16:16 ൽ പറയുന്ന ഹർമ്മദ്ദോൻ യുദ്ധം, മുഴുവൻ മനുഷ്യരുടെയും മരണത്തെ കുറിക്കുന്നു. (Har = Mountain, മെഗിദ്ദോ = Slaughter) യെശയ്യാ 13:9, 10:23, 28:22, സങ്കീ. 21:9, 50:3, മത്തായി, 13:40, 2 തെസ്സ. 2:8, യിരെമ്യ. 25:31-33.

ഭൂകമ്പവും കൽമഴയും കൊടുങ്കാറ്റും ഹേതുവായി ഭൂമിയുടെ മുഖഛായ മാറിപ്പോകും. യെശയ്യാ. 30:30, 32:19, വെളി. 16:18-21

ആകാശം മാറും - വെളി. 6-14, സങ്കീ. 102:25-26, എബ്ര 1:10-12, യശയ്യ. 34:4, 1 പത്രൊ. 3:10, സൂര്യൻ ഇരുളായും ചന്ദ്രൻ രക്തതുല്യമായും മാറിപ്പോകും. യോവേൽ 2-31, വെളി. 6-12, യശയ്യാ.13:10, യഹസ്കേൽ 32:7,8.

ഭൂമി അതിന്റെ സ്ഥാനത്തുനിന്ന് മാറും. യശയ്യ.13:13 സകല ദ്വീപും ഓടിപ്പോയി. മലകൾ കാൺമാനില്ലാതെയായി. വെളി 16-20, 6-14.

എല്ലാ മതിലും നിലംപരിചാകും - യെഹസ്കേൽ 38:20

വെളിപ്പാട് 12 : 9-13 എന്നീ വാക്യങ്ങളിൽ സാത്താനെ ഭൂമിയിലേക്ക് തള്ളിക്കളഞ്ഞു എന്നാണ് എഴു തിയിരിക്കുന്നത്. അപ്പോൾ സാത്താൻ ഇവിടെയാണ് ഉള്ളത്. ഇവിടെ മനുഷ്യനെ ഇല്ലായ്മ ചെയ്യുമ്പോൾ സാത്താന് ഒന്നും പ്രവർത്തിക്കാൻ



സാധിക്കാത്ത ഒരു സാഹചര്യം ഉണ്ടാകുന്നു. സാഹചര്യമാകുന്ന ചങ്ങലയാൽ അവനെ ആയിരം ആണ്ടേയ്ക്ക് ഇവിടെ ബന്ധിച്ചിടും വെളി.20:23.

സ്വർഗ്ഗത്തിലെ ആയിരം ആണ്ട് വാഴ്ചക്കാലത്ത് വിശുദ്ധന്മാർ ദുഷ്ടന്മാരെ ന്യായം വിധിക്കും. 1 കൊരി. 6:2 മത്തായി, 12:41,42. 19:82. ഉയിർത്തെഴുന്നേറ്റശേഷം ന്യായം വിധിക്കുമെന്ന് കർത്താവ് പറഞ്ഞു. മത്തായി 12:41,42 ലൂക്കോ. 11:31-32, എബ്ര. 9-27.

എങ്കിലും വിശുദ്ധന്മാർക്ക് ന്യായവിധി ഇല്ല. "അവർ ന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്ന് ജീവങ്കലേക്ക് കടന്നിരിക്കുന്നു" യോഹ. 5:24, 3:18, റോമർ 8:1 എന്നാൽ 'മനുഷ്യരുടെ മുമ്പാകെ എന്നെ ഏറ്റു പറയുന്ന ഏവരേയും സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുൻപിൽ ഞാനും ഏറ്റു പറയും മത്തായി 10:32-33, ലൂക്കോ 12:8-9, വെളി.3:5 പിതാവിന്റെ മുൻപിൽ വിശുദ്ധന്റെ റാങ്ക് നിശ്ചയിക്കുന്ന ഒരു മഹാപൗരോഹിത്യ ശുശ്രൂഷ കർത്താവിന് ഉണ്ട്. ഇത് രണ്ടാം വരവിന് മുൻപ് തീർന്നിരിക്കും. കാരണം താൻ വരുമ്പോൾ പ്രതിഫലം കൊടുക്കും. വെളി.22:12, മത്താ 16:27, ലൂക്കൊ 14:14, യശയ്യ 40:10,35-4 ശിക്ഷ കൊടുത്തു കഴിഞ്ഞല്ലല്ലോ കേസ് വിസ്തരിക്കേണ്ടത്.

## കർത്താവിന്റെ മൂന്നാമത്തെ വരവ്

സ്വർഗ്ഗത്തിലെ ആയിരം ആണ്ട് വാഴ്ചയ്ക്കുശേഷം "പുതിയ യരുശലേം എന്ന വിശുദ്ധ നഗരം ഭർത്താവിനായി തന്നത്താൻ അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി, സ്വർഗ്ഗത്തിൽ നിന്ന് ദൈവസന്നിധിയിൽ നിന്നുതന്നെ ഇറങ്ങുന്നതും ഞാൻ കണ്ടു". വെളി 21:2, സഖറിയ 14:5, യൂദാ 15. ഒലിവു മല പിളർന്ന് ആരും ഒരിക്കലും സ്പർശിച്ചിട്ടില്ലാത്ത വിശുദ്ധ സ്ഥലത്ത് പുതിയ യരുശലേം വന്നു നിൽക്കും. സഖറിയ 14:4

അപ്പോൾ കർത്താവിന്റെ കല്പനപ്രകാരം മരിച്ചവരിൽ ശേഷം ഉള്ളവർ ഉയിർത്തെഴുന്നേൽക്കും വെളി 20:5 പിശാചിന്റെ ബന്ധനം അതോടെ തീരും. അവൻ ദുഷ്ടന്മാരെ കൂട്ടിക്കൊണ്ട് ഗോഗ്മാഗോഗ്

യുദ്ധത്തിനായി വിശുദ്ധന്മാരുടെ പാളയത്തെയും പ്രിയനഗരത്തെയും വളയും. വെളി 20: 8, 9 അപ്പോഴാണ് ദൈവം ആകാശത്ത് നിന്ന് തീ ഇറക്കി നരകം സൃഷ്ടിക്കുന്നത്. "ജീവന്റെ പുസ്തകത്തിൽ പേര് എഴുതിക്കാണാത്ത ഏവനേയും തീപ്പൊയ്കയിൽ തള്ളിയിടും" വെളി 20:16 "യഹോവ മോശയോട് : എന്നോട് പാപം ചെയ്തവന്റെ പേർ ഞാൻ എന്റെ പുസ്തകത്തിൽ നിന്ന് മായിച്ചു കളയും" പുറപ്പാട് 32:33 വെളി 3-5, സങ്കീ 69:28 അപ്പോൾ പാപം എന്നാൽ എന്ത് എന്ന ചോദ്യം പ്രസക്തമാകുന്നു. "Sin is the trangression of the law"1 യോഹ 3-4. കല്പനാലംഘനമാണ് പാപം.''..... ഒന്നിൽ തെറ്റിയാൽ സകലത്തിനും കുറ്റക്കാരനായി തീർന്നു" യാക്കോബ് 2-10 പാപത്തെ ജയിക്കുന്നവൻ മാത്രമേ വെള്ളയുടുപ്പ് ധരിക്കൂ. വെളി 3-5.

കുടുംബശ്രേഷ്ഠതയോ, പാരമ്പര്യമോ, സഭയുടെ ശ്രേഷ്ഠതയോ, പണമാഹാത്മ്യമോ, പ്രശസ്തിയോ, ക്രിസ്തുവിനെ കൂടാതെയുള്ള പുണ്യപ്രവൃത്തിയോ, മാനുഷിക മദ്ധ്യസ്ഥതയോ ഒന്നും ആരെയും നരകത്തിൽ നിന്ന് വിടുവിക്കുകയില്ല. മുഖപക്ഷം നോക്കാതെ ദൈവം ന്യായവിധി നടത്തുമെന്ന് റോമർ 2:11, 12 യശയ്യ 47:3 1 പത്രൊ 1:17, കൊലോ 3:25 എന്നീ വാക്യങ്ങൾ പറയുന്നു.

നരകം എക്കാലവും നിലനിൽക്കുക ഇല്ലെന്ന് മലാഖി 4:1, 2 ൽ കാണുന്നു നരകത്തിൽ ഒരു നിത്യജീവൻ ഇല്ല. അവിടെ രണ്ടാം മരണമാണ് സംഭവിക്കുന്നത് വെളി 20:14 യഹസ്ക്കേൽ 18:4, 20, 24, 26. "പാപം ചെയ്യുന്ന ദേഹി മരിക്കും..." റോമർ 6:23. 'മരിക്കയില്ല' എന്ന് പറഞ്ഞത് ഏദനിൽ വെച്ച് പിശാചാണ്. ദേഹിയേയും ദേഹത്തെയും നരകത്തിൽ നശിപ്പിക്കും. മത്തായി 10:28, സങ്കീ 92:7 ഒബേദ്യാവ് 15,16 "അന്ന് യാക്കോബ് ഗൃഹം തീയും യോസേഫ് ഗൃഹം ജ്വാലയും ഏശാവ് ഗൃഹം താളടിയും ആയിരിക്കും" (ഏശാവ് ഗൃഹം = ദൈവത്തെ തിരഞ്ഞെടുക്കാത്തവർ) അവൻ അവരെ കത്തിച്ച് ദഹിപ്പിച്ചു കളയും ഏശാവു ഗൃഹത്തിന് ശേഷിപ്പ് ഉണ്ടാകയില്ല. യഹോവയല്ലൊ അരുളി ചെയ്തിരിക്കുന്നത് " ഒബേദ്യാവ് 18 യഹ 28:18 മലാഖി 4:1 നഹൂം 1:10



"ഞാൻ ഉണ്ടാക്കുവാനുള്ള ദിവസത്തിൽ ദുഷ്ടന്മാർ നിങ്ങളുടെ കാലിൻ കീഴിൽ വെണ്ണീർ ആയിരിക്കകൊണ്ട് നിങ്ങൾ അവരെ ചവിട്ടിക്കളയും എന്ന് സൈന്യങ്ങളുടെ യഹോവ അരുളി ചെയ്യുന്നു. മലാഖി 4:3 കാലിൻ കീഴിൻ വെണ്ണീർ ആകണമെങ്കിൽ ഈ ഭൂമി തന്നെ ആയിരിക്കണം നരകം. ഇതിൽ പുതിയ യരുശലേം ഒഴിച്ച് മുഴുവൻ ഭൂഗോളവും അഗ്നി പ്രളയമായിരിക്കും.

മനുഷ്യന്റെ ഹൃദയ കാഠിന്യം അനുസരിച്ച് ദുഷ്ടന്മാർ നരകത്തിൽ കിടക്കേണ്ടി വരും. വിശുദ്ധന്മാർ ആയിരം ആണ്ടാഴ്ചക്കാലത്ത് ന്യായം വിധിക്കുന്നതനുസരിച്ച് ഓരോ ദുഷ്ടനും നരകം എന്ന പ്രതികാരം അനുഭവിക്കും''യജമാനന്റെ ഇഷ്ടം അറിഞ്ഞിട്ട് ഒരുങ്ങാതെയും അവന്റെ ഇഷ്ടം ചെയ്യാതെയും ഇരിക്കുന്ന ദാസന് വളരെ അടികൊള്ളും " ലൂക്കോ. 12:47 നരകം കത്തി തുടങ്ങിയാൽ അത് കെടാത്ത തീയാണ് ഒരു പുഴുവിനെ തീയിൽ ഇട്ടാൽ അത് തീയിൽ വീഴുന്ന നിമിഷം തന്നെ ചാകും. എന്നാൽ ഒരു ദിവസം മുഴുവനും തീയിൽ ചാകാതെ കിടന്നാൽ "ചാകാത്ത പുഴു" എന്നല്ലേ പറയൂ. നരകത്തിലെ ചാകാത്ത പുഴുക്കൾ ദുഷ്ടന്മാരുടെ ആത്മാക്കൾ ആണ്. തീ കൊണ്ട് ഉപ്പിടും. മർക്കോസ് 9:48 – 50 ഒടുവിൽ കത്തിതീരും. ഏറ്റവും അവസാനമായി സാത്താനും കത്തിതീരും. യഹ. 28:18, 19 നരകത്തിലെ നാശം നിത്യമായിരിക്കും.

തീയാൽ ഈ ഭൂഗോളത്തെ ശുദ്ധീകരിക്കും. പിന്നീട് ദൈവം പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കും. വെളി. 21:5, യശയ്യാ. 65:17, യശയ്യാ 11:6-9 വരെയും 65:17-25 വരെയും വെളി. 21:3-5 വരെയും പുതിയ ഭൂമിയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അവയിൽ പലതും ഇന്നത്തെ ലോകത്തിൽ സംഭവ്യമല്ല, അവിടെ സമുദ്രം ഇല്ല. രാത്രി ഇല്ല. ക്ഷീണവും തളർച്ചയും ഇല്ല. ശബത്ത് ആരാധന ഉണ്ടായിരിക്കും യശയ്യാ 66:22-23

ആകാശത്തെ സൃഷ്ടിച്ച യഹോവ ഇപ്രകാരം അരുളി ചെയ്യുന്നു "ഞാൻ തന്നെ ദൈവം" അവൻ ഭൂമിയെ നിർമ്മിച്ചുണ്ടാക്കി അവൻ അതിനെ ഉറപ്പിച്ചു. വ്യർത്ഥമായിട്ടില്ല അവൻ അതിനെ സൃഷ്ടിച്ചത്.

പാർപ്പിനത്രെ അതിനെ നിർമ്മിച്ചത് "ഞാൻ തന്നെ യഹോവ, വേറൊരുത്തനും ഇല്ല " യെശയ്യാ 45:18 നീതിമാൻ ഭൂമിയെ അവകാശമാക്കി എന്നേക്കും അതിൽ വസിക്കും.... സങ്കീ 37:29/.

ഇതാ മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം അവൻ അവരോടുകൂടെ വസിക്കും...വെളി 21:3 'വെളിപ്പാട് 21-6'......' സംഭവിച്ചുതീർന്നു...."

"Blessed are they that do His commanments that may have the right to the tree of the life and may enter through the gates into the city" (ജീവ വൃക്ഷത്തിൽ തങ്ങൾക്ക് അധികാരം ഉണ്ടാകേണ്ടതിനും ഗോപുരങ്ങളിൽ കൂടി നഗരത്തിൽ കടക്കേണ്ടതിനും ദൈവകൽപ്പന അനുസരിക്കുന്നവർ ഭാഗ്യവാന്മാർ) വെളിപ്പാട് 22:14.

Sin is the transgression of the law - 1 യോഹ 3.4 കല്പന ലംഘിക്കുന്ന ഒരു പാപിക്കുവേണ്ടി സ്വർഗ്ഗം ഒരുക്കപ്പെടുന്നില്ല (അപ്ര 17.11.12 ൽ പറഞ്ഞിരിക്കുന്ന ബരോവയിലെ ക്രിസ്ത്യാനികളെപ്പോലെ ഇതിന്റെ വായനക്കാരും ഉത്തമന്മാർ ആയിരിക്കുവാൻ ശ്രദ്ധിക്കുമല്ലോ)

**ജയിംസ് എം പണിക്കർ**

**ഫോൺ : 9947807640**

---

**പ്രതീക്ഷിക്കാതെയുണ്ടാകുന്ന ഭൂകമ്പങ്ങൾ, ചുഴലിക്കാറ്റ്, സുനാമി, പ്രകൃതിക്ഷോഭങ്ങൾ, കേട്ടുകേഴ്വിയില്ലാത്ത രോഗങ്ങൾ, ഭീകരപ്രവർത്തനങ്ങൾ, സാമ്പത്തികമാന്ദ്യത ഇവയെല്ലാം കണ്ട് ഭയക്കുന്ന മനുഷ്യനോട് നിരാശപ്പെടേണ്ട, ഭയപ്പെടേണ്ട.**

*ആകാശവും ഭൂമിയും നീരുറവകളും ഉണ്ടാക്കിയവനെ നമസ്കരിപ്പിൻ. അവന്റെ ന്യായവിധിയുടെ നാഴിക വന്നിരിക്കുന്നു.*